Draft #2 of File 102491/AD A3-4/2021/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 02-Aug-2021 03:57 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണ കാര്യം - സർവ്വകലാശാലയിലെ ദിവസ വേതന / കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 3744/AD A 3/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.08.2021

---

*പരാമർശം:-*(1) സ.ഉ. (അച്ചടി) നം. 112/2018/ധന. തീയതി, 21.07.2018
(2) സ.ഉ.(പി) നമ്പർ 28/2016/ധന. തീയതി, 26/02/2016
(3) സ.ഉ.(പി) നമ്പർ 56/2017/ധന. തീയതി, 28/04/2017
(4) UO No. 5069/AIII/2/2016/Admn dated 20.09.2016
(5) UO No. 5737/AIII/2/2016/Admn dated 31.10.2016
(6) യു.ഒ.നം. 6481/എ3/2/2016/ഭ.വി. തീയതി. 05.12.2016
(7) സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് 4459/ADB5/1/2018/ADA3 തീയതി, 31.08.2019
(8) 08.07.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 42/20.05/4459/ADB5/1/2018

**<u>ഉത്തരവ്</u>**

ദിവസ വേതന / കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിൽ 2016, 2017 വർഷങ്ങളിലെ വേതന വർദ്ധനവ് സംബന്ധിച്ച പരാമർശം (2),(3) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നു എന്നതിന് വിധേയമായി മാത്രം പുതുക്കിയ വേതനം അനുവദിക്കാവുന്നതാണെന്നു ഉത്തരവായിരുന്നു. കൂടാതെ ടി ഉത്തരവുകളിലെ അനക്സറിൽ ഉൾപ്പെടാത്തതും എന്നാൽ പ്രത്യേകമായി കാറ്റഗറി തിരിച്ചു ദിവസ/കരാർ വേതനം നിർണ്ണയിച്ച നല്കിയിട്ടുള്ളതുമായ സ്ഥാപനങ്ങൾക്കും തസ്തികകൾക്കും വേതന വർദ്ധനവ് ബാധകമാണെന്നും പരാമർശിച്ചിരുന്നു. ദിവസ വേതന/ കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പരാമർശം (4),(5),(6) ഉത്തരവുകൾ പ്രകാരമാണ് സർവ്വകലാശാലയിലെ ദിവസ വേതന/ കരാർ ജീവനക്കാർക്ക് വേതനം നൽകിവന്നിരുന്നത്.

പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിലെ ദിവസ വേതന കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് പരിഗണിക്കുന്നതിനായി പരാമർശം (7) പ്രകാരം സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നൽകിയിരുന്നു. 08.07.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം വിഷയം പരിഗണിക്കുകയും പരാമർശം (8) പ്രകാരം താഴെപ്പറയുന്ന വിധം തീരുമാനം എടുക്കുകയുമുണ്ടായി.

"ദിവസവേതന /കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന പ്രൊപ്പോസൽ അംഗീകരിക്കാൻ തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| ക്രമ നം. | തസ്തിക | നിലവിലെ വേതനം | പുതുക്കിയ വേതനം |
|---|---|---|---|
| 1 | ഓഫീസ് അറ്റൻഡന്റ് | 600 | 645 |
| 2 | ഗാർഡനർ | 500 | 525 |
| 3 | അനിമൽ അറ്റൻഡർ | 535 | 560 |
| 4 | ഗൂർഖാ വാച്ച്മാൻ | 600 | 645 |
| 5 | ലൈബ്രറി അസിസ്റ്റന്റ് | 600 | 645 |
| 6 | പാചകക്കാരൻ | 600 | 645 |
| 7 | ഡ്രൈവർ | 600 | 645 |
| 8 | ഇലക്ട്രീഷ്യൻ | 650 | 650 |
| 9 | സെക്യൂരിറ്റി ഗാർഡ് | 600 | 645 |
| 10 | സ്പെഷ്യൽ ടീച്ചർ | 975 | 975 |
| 11 | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 600 | 645 |
| 12 | ക്ലീനർ | 500 | 525 |
| 13 | ക്ലിനിക് ടെക്നീഷ്യൻ | 600 | 645 |

ഗസ്റ്റ് ഹൗസിലെ താത്കാലിക ജീവനക്കാർ 24 മണിക്കൂർ തുടർച്ചയായി ജോലി ചെയ്യുന്നുണ്ടെങ്കിൽ 2½ ദിവസമായി കണക്കാക്കി വേതനം നൽകുന്നതിനും തീരുമാനിച്ചു.

കൂടാതെ ദിവസ വേതന കരാർ ജീവനക്കാരുടെ വേതനം കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സ്റ്റാഫിനായുള്ള സിൻഡിക്കേറ്റിന്റെ ഉപസമിതിയെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/ഐ.ക്യു.എ.സി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി ബി3/എഡി ബി5/എഡി ഡി
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #2 of File 102491/AD A3-4/2021/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 02-Aug-2021 03:57 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 102491/AD A3-4/2021/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 02-Aug-2021 03:57 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം